LIBRARY ARCHIVES Kerala Legislative Assembly

വിള ഇൻഷ്വറൻസ്

76 (1061) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് വിള ഇൻഷ്വറൻസ് സഹായം നൽകുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തെ കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കുടിശ്ശികയായി നൽകാനുണ്ടായിരുന്നത് 21 കോടി രൂപയാണ്. ഇതിൽ 20 കോടി രൂപ 2021-22 ലെ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ മൂന്നിലൊന്നായ 660 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിക്കുകയും അനുവദിച്ചതിൽ 658.12079 ലക്ഷം രൂപ 3,960 കർഷകർക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിൽ കർഷകർക്ക് ബാക്കി നൽകാനുള്ള തുക പൂർണ്ണ ബഡ്ജറ്റ് പാസ്സാകുന്ന മുറയ്ക്ക് കർഷകർക്ക് വിതരണം ചെയ്യാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ബാക്കി ആവശ്യമുള്ള ഒരു കോടി രൂപ ഇതിനായുള്ള കോർപ്പസ് ഫണ്ടിൽനിന്നും നൽകുന്നതാണ്.

(ബി) കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ പ്രീമിയത്തിലേയ്ക്കുള്ള സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട് പ്രസ്തുത ഇൻഷ്വറൻസിന്റെ സംസ്ഥാന വിഹിതം വകയിരുത്തി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. റാബി 2019 രണ്ടാം വിളക്കാലത്ത് കുടിശ്ശികയുണ്ടായിരുന്ന സംസ്ഥാന വിഹിതം 15,48,01,062.31 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയും ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഖാരിഫ് 2020 വിളക്കാലത്ത് സംസ്ഥാന വിഹിതമായി നൽകാനുണ്ടായിരുന്ന 15,27,66,356.66 രൂപയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. റാബി-2020-ലെ സംസ്ഥാന വിഹിതവും അനുവദിച്ചുത്തരവായിട്ടുണ്ട്.

(സി) മഴയും പ്രകൃതി ദുരന്തങ്ങളും കാരണം വിള നശിച്ചുപോയ സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

6-5-2021 വരെ AIMS പോർട്ടൽ മുഖാന്തരം അപേക്ഷ സമർപ്പിച്ച എല്ലാ കർഷകർക്കും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 4-6-2021 വരെ AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച മുഴുവൻ കർഷകർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (SDRF) തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

77 (1062) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. വി. ശശി:

ശ്രീ. വാഴൂർ സോമൻ:

ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

സ.ഉ.(എം.എസ്)നമ്പർ 37/2017/കൃഷി, 22-3-2017-ലെ ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. സ.ഉ.(കൈ) നമ്പർ1192/2017/കൃഷി തീയതി 13-12-2017 പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കുവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലമുള്ള കൃഷിനാശത്തിനാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. സ.ഉ.(സാധാ) നമ്പർ1066/ 2017/കൃഷി 27-10-2017-ലെ ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly